# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6570 — 09.07.2014-ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

| | ചോദ്യം<br>ശ്രീ. ജി. സുധാകരൻ | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിൽ നിന്നും എത്ര വരുമാനമുണ്ടായി എന്ന് ഇനവും വർഷവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിൽ നിന്നും ലഭ്യമായ വരുമാനം കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടോ ; ഉണ്ടെങ്കിൽ പ്രതിസന്ധിക്കുള്ള കാരണം വിശദമാക്കുമോ? | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്ത തരത്തിൽ സംസ്ഥാന നികുതി വരവിൽ വർദ്ധനവ് ഉണ്ടാകാതിരിക്കുകയും കേന്ദ്ര നികുതി വിഹിതത്തിൽ നിന്നും സംസ്ഥാനത്തിനു ലഭിക്കേണ്ടിയിരുന്ന തുകയിലും, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ലഭിക്കേണ്ടിയിരുന്ന തുകയിലും കുറവുണ്ടാവുകയും ചെയ്തതിനാൽ റവന്യൂ വരവിൽ പ്രതീക്ഷിച്ചത്ര വർദ്ധന ഉണ്ടായില്ല. ഈ സാഹചര്യത്തിലും, പദ്ധതി പ്രവർത്തനങ്ങൾക്ക് കുറവു വരാതെ നിലനിർത്തിയത് സാമ്പത്തിക ഞെരുക്കം ഉണ്ടാകാൻ കാരണമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ